നം.കെഎസ്എ-കെടിഎം.പി10 -1118 /2019 തീയതി :26.08.2019

**കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.18 മുതൽ 30.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2019 മുതൽ 20.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബീനാകുമാരി സി.ആർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്ര.) |
| | ശ്രീമതി.കൊച്ചുമോൾ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ദർശന.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ലൈസാമ്മ ദേവസ്യ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.സി.പി.വേണുഗോപാൽ | 01.04.2018 മുതൽ 31.03.2019 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.തോമസ്.വി.കുരുവിള | 01.04.2018മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ജ്യോതി | 01.04.2018മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ആനന്ദ്.പി.ആർ | 01.04.2018മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഡി.ദീപു | 01.04.2018 മുതൽ 14.01.2019 വരെ |

| | | |
|---|---|---|
| | ഡോ.രാജി | 15.01.2019 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ. ദിനേശൻ.പി.പി | 01.04.2018മുതൽ 17.07.2018 വരെ |
| | ശ്രീ.ബിജു.റ്റി.എസ് | 21.11.2018മുതൽ 31.03.2019 വരെ |
| | ശ്രീ.ഷെമീർ | 01.04.18മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീമതി.ഡോ.ഡാലി സഖറിയാസ് | 01.04.2018മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഇന്ദു | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ശ്രീജ | 01.04.18മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.ജയകുമാരി | 01.04.18മുതൽ 15.06.2018 വരെ |
| | ശ്രീമതി. ഉഷാഭായി | 16.06.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ. കീർത്തി മാധവ് | 01.04.2018മുതൽ 01.06.2018 വരെ |
| | ശ്രീമതി.രമ്യ.കെ.ആർ | 02.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ആരതി | 01.04.2018മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ഖണ്ഡിക നം. | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പു പദ്ധതി |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിട്ടില്ല |
| 2-2 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത |
| 2-3 | തൊഴിൽ നികുതി- അസസ്സ്മെന്റ്/ഡിമാന്റ് നടപടികളിൽ അപാകതകൾ |
| 2-4 | വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല |

| | |
|---|---|
| 2-5-1 | "ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ" ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-5-2 | "ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ" അപാകതകൾ |
| 2-6 | ഇ ടെൻഡർ – ടെൻഡർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പൊതു ടാപ്പുകളുടെ വെള്ളക്കരം- കൂടുതൽ തുക അടയ്ക്കുന്നു |
| 3-2 | വഴിവിളക്ക് എൽ ഇ ഡി ലൈറ്റ് സ്ഥാപിയ്ക്കൽ – ഇൻസ്റ്റാൾ ചെയ്തതിന്റെ വിവരം ലഭ്യമാക്കിയില്ല |
| 3-3 | വാഹനത്തിലെ ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകത |
| 3-4 | വയോജനങ്ങൾക്ക് പോഷകമരുന്ന് വിതരണം- മരുന്നുകൾ വിതരണം ചെയ്തിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-5 | വീട് വാസയോഗ്യമാക്കൽ- ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല |
| 3-6 | "ലൈഫ് " ഭവനപദ്ധതി -3 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല |
| 3-7 | ഹരിതസഹായ സ്ഥാപനം (കൺസൾട്ടേഷൻ) |
| 3-8 | സ്വയംതൊഴിൽ- എസ്.സി. യുവജനങ്ങൾക്ക് മോട്ടോർ സൈക്കിളിന് സബ്സിഡി- വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-9 | അടിസ്ഥാന സൗകര്യങ്ങളില്ലാത്ത കെട്ടിടത്തിൽ സ്വയംതൊഴിൽ സംരഭത്തിനായി കൈമാറിയ തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല |
| 3-10 | മഴവെള്ള സംഭരണി – പട്ടികജാതി വിഭാഗക്കാർക്ക് പി.വി.സി ടാങ്ക് വിതരണം |
| 3-11 | പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ – സൈക്കിളുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു |
| 3-12 | 8,9 ക്ലാസ്സുകളിലെ പട്ടികജാതി/ പട്ടികവർഗ്ഗ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ - നാളിതുവരെ വിതരണം ചെയ്തിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-13 | പട്ടികജാതി മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം- അർഹമായതിലും അധിക നിരക്കിൽ തുക നൽകിയത് അംഗീകരിക്കുന്നില്ല |
| 3-14 | എസ്. സി വിദ്യാർത്ഥികൾക്ക് പഠനമുറി- നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചില്ല |
| 3-15 | കന്നുകുട്ടി പരിപാലനം – തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല |
| 3-16 | റോഡ് റീടാറിംഗ് പ്രവൃത്തികളിൽ ബാരൽവില ഈടാക്കിയത് – അതാത് ഫണ്ടുകളിൽ അടവാക്കിയിട്ടില്ല |
| 3-17 | ആയുർവേദ ഡിസ്പെൻസറിക്ക് ഔഷധങ്ങൾ വാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു |
| 3-18 | ടിഷ്യൂ കൾച്ചർ ഏത്തവാഴകൃഷി- വാഴതൈകൾ വിതരണം ചെയ്തില്ല- ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-19 | ആശ്രയ പ്രോജക്ട് – തൻവർഷം യാതൊരു |

| | |
|---|---|
| | പ്രവർത്തനങ്ങളും നടത്തിയില്ല – 200000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു |
| 3-20 | അവധിവിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല |
| 3-21 | ഡെപ്പോസിറ്റ് വർക്ക് വിനിയോഗസാക്ഷ്യപത്രമില്ല |
| 3-22 | അസിസ്റ്റന്റ് സെക്രട്ടറിയുടെ സസ്പെൻഷൻ – തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമല്ല |
| 3-23 | യാത്രാബത്ത – സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/ സർചാർജ് നടപടികളുടെ വിശദാംശങ്ങൾ |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 47217067.1 | 45857580.1 | | 1359487 |
| വരവ് | 210774500 | 87925574 | | 122848926 |
| ആകെ | 257991567 | 133783154.1 | | 124208413 |
| ചെലവ് | 252281840 | 79608274 | | 172673566 |
| നീക്കിയിരിപ്പ് | 5709727 | 54174880.1 | 48465153 | |

ബജറ്റ് പ്രതീക്ഷിത വരവുചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവുചെലവ് കണക്കുകളും തമ്മിലുള്ള വ്യതിചലനത്തിന്റെ തോത് വളരെ വലുതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് താഴെപ്പറയും പ്രകാരം 16.02.2019 ലെ ജനറൽ കമ്മറ്റിയിലെ 2(1) നം. തീരുമാനപ്രകാരം പുതുക്കിയിട്ടുണ്ട്.

| ഇനം | പുതുക്കിയ ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 45857580.10 |
| വരവ് | 169572464 |

| | |
|---|---|
| ആകെ | 215430044 |
| ചെലവ് | 214044300 |
| നീക്കിയിരിപ്പ് | 1385744 |

### 1-2 വാർഷിക ധനകാര്യപത്രിക

2018-19 വർഷത്തെ കണക്കുകൾ 30.04.2019 ൽ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 10/6/2019- 11/06/19 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 25-06-2019 ലെ കെ.എസ്.എ.കെ.ടി.എം.പി10/878/19 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയും ഓഡിറ്റ് സർട്ടിഫിക്കറ്റും അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1-4 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | **45857580.1** |
| വരവ് | 87925574 |
| ആകെ | 133783154.1 |
| ചെലവ് | 79608274 |
| നീക്കിയിരിപ്പ് | 54174880.1 |

### 1-5 ഫണ്ട് വിനിയോഗം (വാർഷിക പദ്ധതി ഘടകങ്ങളും ഇതര ഫണ്ടുകളും)

മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 0 | 20323000 | 20323000 | 17379257 | 2943743 | 86 |
| വികസനഫണ്ട് - എസ്.സി.പി. | 0 | 10404000 | 10404000 | 7119520 | 3284480 | 68 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 194000 | 194000 | 54780 | 139220 | 28 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 9806000 | 9806000 | 1310028 | 8495972 | 13 |
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 0 | 4210000 | 4210000 | 1671544 | 2538456 | 40 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11562993 | 11562993 | 7415751 | 4147242 | 64 |
| തൊഴിലുറപ്പ് പദ്ധതി(MGNREGS) | 17310 | 12143817 | 12161127 | 12063273 | 97854 | 99 |
| ശുചിത്വമിഷൻ ഫണ്ട് | 0 | 1700000 | 1700000 | 1700000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 0 | 1008818 | 1008818 | 48000 | 960818 | 5 |

വികസനഫണ്ട്, ആസ്തിസംരക്ഷണഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിങ്ങനെ വികസനപ്രവർത്തനങ്ങൾക്കായി അലോട്ട് ചെയ്യപ്പെട്ടിരുന്ന തുകയുടെ ശരിയായ വിനിയോഗലക്ഷ്യം കൈവരിക്കാത്തത് മൂലം വർഷാവസാനം ഏകദേശം 2.25 കോടി രൂപയോളം സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു. ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ആവശ്യമായ ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ ഫലത്തിൽ 2.25 കോടി രൂപ ആത്യന്തികമായി നഷ്ടമായി. വികസനപ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുകയുടെ ഇപ്രകാരമുള്ള അപരിഹാര്യമായ നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 1/3/19 ലെ ഉത്തരവു നം.490/18/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണ സമിതി യോഗം | 15.12.17 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 10/10/18 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 13/2/18 മുതൽ 27/02/18 വരെ |
| ഊരുക്കൂട്ടം യോഗം | 5/11/18 |
| വികസനസെമിനാർ | 16.03.18 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 90817749/- രൂപയും ആകെ ചെലവ് 49061266/- രൂപയുമാണ്. എല്ലായിനങ്ങളിലുമായി വകയിരുത്തിയിരുന്ന തുകയുടെ 54% മാത്രമാണ് തൻവർഷം വിനിയോഗിച്ചത്. അംഗീകാരം ലഭിച്ച 224 പ്രോജക്ടുകളിൽ 130 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 10 | 3137500 | 2663360 | 85 |
| 2 | വെറ്ററിനറി സർജൻ | 9 | 8 | 3912000 | 2796430 | 71 |
| 3 | മെഡിക്കൽ ഓഫീസർ- PHC | 5 | 5 | 1170000 | 1070502 | 91 |
| 4 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 3 | 525000 | 470067 | 90 |
| 5 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 4 | 3 | 110000 | 83216 | 76 |
| 6 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 17 | 9 | 24627635 | 15784847 | 64 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 7 | 5606670 | 4226571 | 75 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 24 | 17 | 9913005 | 7493483 | 76 |
| 9 | അസി.സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 23 | 17 | 3754900 | 2061300 | 55 |
| 10 | ഹെഡ്മാസ്റ്റർ | 1 | 1 | 300000 | 298538 | 99.5 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 133 | 56 | 36761039 | 11313252 | 30 |
| 12 | ഡയറി ഫാം | 2 | 2 | 1000000 | 799700 | 80 |

| | | | | | | |
|---|---|---|---|---|---|---|
| | ഇൻസ്ട്രക്ടർ | | | | | |
| ആകെ | | 224 | 130 | 90817749 | 49061266 | 54 |

2018-19 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തിരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കിയിട്ടുണ്ടെങ്കിലും സമഗ്രവികസനം എന്ന കാഴ്ചപ്പാട് പുലർത്താൻ പൂർണ്ണമായും സാധിച്ചിട്ടില്ലെന്ന് കാണുന്നു. മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതത്തിന്റെ കേവലം 13% മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ സാധിച്ചത്. ഇക്കാര്യത്തിൽ മാടപ്പള്ളി ഗ്രാമപഞ്ചായത്ത് ജില്ലയിൽ തന്നെ ഏറ്റവും പിന്നാക്ക സ്ഥിതിയിലാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി തയ്യാറാക്കിയ 133 പ്രോജക്റ്റുകളിൽ 56 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 30%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ടനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 13വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശ പ്രകാരം പ്രോജക്റ്റുകൾ നടപ്പാക്കുന്നുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നതിന് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>വികസനകാര്യം</u>

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടലിന്റെ അഭാവം പല മേഖലകളിലുംപ്രതിഫലിക്കുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മറ്റി യോഗങ്ങളുടെ മിനിട്സ് യഥാസമയം രേഖപ്പെടുത്തുന്നില്ല. മാരമത്ത് പ്രവൃത്തികൾക്കായി തയ്യാറാക്കിയിരുന്ന 77പ്രോജക്റ്റുകൾ തൻവർഷം നടപ്പാക്കിയിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം ആകെ പദ്ധതി ചെലവ് ശതമാനത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

<u>ധനകാര്യം</u>

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പദ്ധതി പ്രവർത്തനത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ലായെന്ന് കാണുന്നു. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നത് ഒഴികെ പ്രോജക്റ്റ് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തലുകൾ ഉണ്ടാവുന്നില്ല. പഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ കാര്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടില്ല.

<u>ആരോഗ്യം/വിദ്യാഭ്യാസം</u>

പദ്ധതി രൂപീകരണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് പ്രോജക്റ്റ് നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്.

മഴക്കാലപൂർവ ശുചീകരണം, അറവുശാലകളുടെ പ്രവർത്തനം എന്നിവ വിലയിരുത്തുന്നതിൽ ശ്രദ്ധ പുലർത്തിയിട്ടുണ്ട്.

<u>ക്ഷേമകാര്യം</u>

വിവിധ ക്ഷേമപെൻഷനുകളുടെ അംഗീകാരം നൽകൽ എന്നിവയിൽ മാത്രമാണ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനമുള്ളതായി കാണുന്നത്. പ്രോജക്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ശുപാർശകളൊന്നും നൽകിയിരുന്നില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി കാണുന്നില്ല.

## 1-7 തൊഴിലുറപ്പുപദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 വരവുചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| നേരിട്ടുള്ള ചെലവ് | 0 | 11947058 | 11947058 | 11947058 | 0 |
| ഭരണച്ചെലവുകൾ | 17310 | 196759 | 214069 | 116215 | 97854 |
| ആകെ | 17310 | 12143817 | 12161127 | 12063273 | 97854 |

### 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 70800 | 56 |
| കർഷകതൊഴിലാളി പെൻഷൻ | 5323600 | 421 |
| വിധവാപെൻഷൻ | 12778200 | 1063 |
| വാർദ്ധക്യകാലപെൻഷൻ | 30674800 | 2446 |
| വികലാംഗപെൻഷൻ | 3969700 | 326 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 431200 | 34 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60000 | 2 |

### 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2019 തീയതി 03.00 പി.എം.-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17733/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം ഒട്ടുംതന്നെ ഫലപ്രദമല്ല. പദ്ധതി നിർവ്വഹണ പ്രക്രിയകൾ, പ്രോജക്ട് ഫയലുകളുടെയും രേഖകളുടെയും ചിട്ടപ്പെടുത്തൽ എന്നിവയിൽ തികഞ്ഞ അലംഭാവം പുലർത്തിയതായി കാണപ്പെട്ടു. അസി. സെക്രട്ടറി നിർവഹണ ഉദ്യഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം ഉചിതമായ പ്രക്രിയയിലൂടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാതെയും ആവശ്യാധിഷ്ഠിതമല്ലാതെയും വാങ്ങലുകൾ, ഫണ്ട് കൈമാറ്റം എന്നിവ നടത്തി വികസനഫണ്ട് ദുർവിനിയോഗം ചെയ്തതായി കാണപ്പെട്ടു. ദൈനംദിന സാമ്പത്തിക ഇടപാടുകളിലും നടപടിക്രമങ്ങളിലും വേണ്ടത്ര ശ്രദ്ധയും സുതാര്യതയും പാലിക്കുന്നില്ല. ഉദാഹരണമായി ശ്രീ. പ്രസന്നകുമാർ എസ്, സീനിയർ ക്ലർക്ക് 19.01.2019 ൽ കൈപ്പറ്റിയ 14342 ാം നമ്പർ രസീത് ബുക്കിലെ രസീത് നം.9 മുതൽ 12 വരെയുള്ളവ 25.02.2019 ൽ ക്രമപ്രകാരമല്ലാതെ റദ്ദാക്കിയതായി കാണപ്പെട്ടു. പ്രസ്തുത രസീതുകൾ പ്രകാരം അനധികൃത തട്ടുകടക്കാരിൽ നിന്നുമുള്ള പിഴയിനത്തിൽ 2000/- രൂപ പിരിച്ചിരുന്നു. ഇത് സംബന്ധമായ അന്വേഷണത്തിൽ രസീതിന്റെ പകർപ്പ് തിരികെ വാങ്ങി ക്യാൻസൽ ചെയ്ത് തുക അടച്ച ആളുകൾക്ക് നല്കിയതായി ക്ലാർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി നടപടി ക്രമപ്രകാരമല്ല എന്ന് ചൂണ്ടിക്കാട്ടി വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/ 19.07.2019) തുക പിരിച്ച് തിരികെ വന്നപ്പോൾ വാർഡ് അംഗങ്ങൾ പ്രതിഷേധിച്ചതിനെ തുടർന്ന് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം തിരികെ നല്കിയതാണെന്നാണ് അറിയിച്ചത്. എന്നാൽ, പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതെ തിരികെ നൽകേണ്ടി വന്നത് നടപടിക്രമങ്ങളിലെ പിഴവുകൾമൂലമാണ്. ടി സാഹചര്യം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പാളിച്ച വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. വസ്തു നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ക്രമമായി ബൈൻഡ് ചെയ്ത് സൂക്ഷിക്കുകയും ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. വസ്തു നികുതിയിനത്തിൽ ഭീമമായ തുക കുടിശ്ശികയുണ്ട്. സെക്രട്ടറിയുടെ പ്രോജക്ട് ഫയലുകൾ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വാഹനത്തിന്റെ ലോഗ് ബുക്കുകളിൽ യാത്ര നടത്തുന്ന ഉദ്യോഗസ്ഥർ ഒപ്പിടുകയോ മാസാന്ത്യ ക്ലോസിംഗ് നടത്തുകയോ ചെയ്യുന്നില്ല.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ & തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.2019 മുതൽ 21.06.2019 വരെ | 05/2019 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.01.2017-07.02.2017 | 2011-12 മുതൽ 2015-16 | LBA (HQ)- II 8A-2564/16-17/458-dt 14.03.2017 |

1-12 വാർഷിക കണക്കുകളുടെ അപാകത

1. 26.07.2011ലെ ജി.ഒ.(എം.എസ്) 152/11 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയാക്കിയിട്ടില്ല.
2. വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. പഞ്ചായത്തിൽ ലഭിച്ച ഡിപ്പോസിറ്റ് തുകകളിൽ 340200106 – Deposit Received for Halls and Auditoriums ശീർഷകത്തിലെ 2018-19 ലെ വരവുചെലവ് - നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് ഡിപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
4. 2018-19 ഡിപ്പോസിറ്റ് രജിസ്റ്ററിൽ 340100102-Suppliers Earnest Money Deposit ശീർഷകത്തിലെ മുന്നിരിപ്പ് തുക 19,950/- രൂപയുടെ വിശദാംശം (തുക ഒടുക്കിയ വ്യക്തി/ സ്ഥാപനം, രസീത് നം., തീയതി) ക്യാരി ഓവർ ചെയ്ത് തയ്യാറാക്കിയിട്ടില്ല.
5. 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി7 ഷെഡ്യൂൾ പ്രകാരമുള്ള 340200199 - Other Deposit Revenue ശീർഷകത്തിലെ നീക്കിയിരിപ്പ് തുകയായ 323414/- രൂപ ഏതെല്ലാം ഇനത്തിൽ ലഭിച്ചതാണെന്ന വിശദാംശം പൂർണ്ണമായും ഡിപ്പോസിറ്റ് രജിസ്റ്ററിൽ ക്രോഡീകരിച്ചിട്ടില്ല.
6. ട്രേഡേഴ്സ് തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നീ അക്രുവൽ വരവുകളുടെ ഡി.സി.ബി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
7. ട്രേഡേഴ്സ് തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നീ അക്രുവൽ വരവുകളുടെ 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി15 ഷെഡ്യൂൾ പ്രകാരമുള്ള കുടിശികയുടെ വിശദാംശം ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല.
8. ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ 01.04.2018 ന് മുൻപ് നിക്ഷേപിച്ച തുകകളുടെ വിശദാംശം (നിക്ഷേപിച്ച തീയതി, പ്രോജക്ട്, വർഷം) അഡ്വാൻസ് രജിസ്റ്ററിൽ ക്യാരി ഓവർ ചെയ്തിട്ടില്ല.
9. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലുള്ള 33,430/- രൂപ ശമ്പള റിക്കവറിയായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ, ടി തുക റസീപ്റ്റ് & പേമെന്റ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
10. പ്രയർ പീരിയഡ് ആയി ക്രമീകരിച്ച തുകകളുടെ വിശദാംശം സംബന്ധിച്ച് (I-18ഷെഡ്യൂൾ) Notes on Account നല്കിയിട്ടില്ല.
11. കുടിശിക വരവ് തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അകൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 അടിസ്ഥാന വസ്തുനികുതിനിരക്ക് നിശ്ചയിച്ചിട്ടില്ല

24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ ഈ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല. 2018-19 വർഷം മേൽപ്പറഞ്ഞ ഉപയോഗക്രമത്തിൽപ്പെട്ടതും 18-ാം വാർഡിൽ 481 ബി, 481സി, 481 ഡി എന്നീ കെട്ടിട നമ്പരുകളുള്ളതുമായ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിന് നിരക്ക് നിശ്ചയിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല. നിയമപ്രകാരമുള്ള അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കാതെ നികുതി ഈടാക്കുന്നത് ക്രമപ്രകാരമല്ല. അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

2018-19 വർഷം വസ്തുനികുതി നിർണയം നടത്തിയതും 18-ാം വാർഡിൽ 481എ,ബി,സി,ഡി എന്നീ കെട്ടിടനമ്പരുകളുള്ളതുമായ കെട്ടിടത്തിന്റെ നികുതിനിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു. 705.65 ച.മീറ്റർ (താഴത്തെ നില -340.66, ഒന്നാം നില-340.66, സ്റ്റെയർ റൂം -24.33) തറവിസ്തീർണമുള്ള ഈ കെട്ടിടത്തിന്റെ 71 ച.മീ (താഴത്തെ നില ) ഭാഗം വാണിജ്യാവശ്യത്തിന് 55/- രൂപ നിരക്കിലും ബാക്കി 634 ച.മീറ്ററിന് (താഴത്തെ നില, ഒന്നാം നില ) സ്വകാര്യഹോസ്റ്റലിന്റെ 40/- രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിച്ചത്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം രണ്ട് നിലകളിലും വാണിജ്യാവശ്യത്തിനുള്ളതായി രേഖപ്പെടുത്തിയ ഭാഗം ഉള്ളതായി കാണുന്നു. വിശദമായ പരിശോധന നടത്തി ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത വരുത്തി വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു

നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.31) മറുപടിയിൽ സ്ഥലപരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 2-3 തൊഴിൽ നികുതി- അസസ്മെന്റ്/ഡിമാന്റ് നടപടികളിൽ അപാകതകൾ

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവർഷ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

I. രണ്ട് അർദ്ധവർഷത്തെ തൊഴിൽ നികുതി പൂർണ്ണമായും ഒടുക്കിയിട്ടില്ല.

തൊഴിൽ നികുതി കുടിശികയുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ അർദ്ധ വർഷം | രസീത് നം., തീയതി | തുക | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|---|
| 1 | ESAF സ്വാശ്രയ മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം | 118010104742/ 01.10.2018 | 11450 | രണ്ടാം അർദ്ധ വർഷം |
| 2 | ദീപ്തി കോളേജ്, മാമ്മൂട് | “ | 118010105919/ 13.12.2018 | 120 | “ |
| 3 | എസ്റ്റീം റബർ പ്രൊഡക്ട്സ് | രണ്ടാം അർദ്ധ വർഷം | 118010103777/ 22.02.2019 | 780 | ഒന്നാം അർദ്ധ വർഷം |
| 4 | അമൂല്യ ഫിനാൻഷ്യൽ ലിറ്ററസി സെന്റർ | ഒന്നാം അർദ്ധ വർഷം | 118010104099/29.08.18 | 1450 | രണ്ടാം അർദ്ധവർഷം |
| 5 | രാജേഷ് മെറ്റൽസ് | രണ്ടാം അർദ്ധ വർഷം | 118010107338/22.02.2019 | 2400 | ഒന്നാംഅർദ്ധവർഷം |
| 6 | പ്രൊപ്രൈറ്റർ, ഇന്റീമേറ്റ് ഓട്ടോ മൊബൈൽസ്, തെങ്ങണ | ഒന്നാം അർദ്ധ വർഷം | 1180104364/ 11.09.18 | 1250 | രണ്ടാം അർദ്ധവർഷം |

പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിലെ ജീവനക്കാർ 2 അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്നതും തൊഴിൽ നികുതി അസസ്മെന്റ് /ഡിമാന്റ് നടപടികളിലെ അപാകത വ്യക്തമാക്കുന്നു.

II.താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധ/വർഷ വരുമാനത്തിനനുസൃതമായി നികുതി ഈടാക്കിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | വ്യക്തിയുടെ പേര്, തസ്തിക | അർദ്ധ വർഷ വരുമാനം | അടയ്ക്കേണ്ട തുക | അടച്ച തുക | കുറവ് |
|---|---|---|---|---|---|
| സെന്റ് സെബാസ്റ്റ്യൻസ് യു.പി.എസ് (ഒന്നാം അർദ്ധ വർഷം) | ലിജോ ജോസഫ്, പി.റ്റി.എൽ.ജി ഹിന്ദി | 127650 | 1250 | 750 | 500 |
| | ജിജി.എ പി.റ്റി.എൽ.ജി സംസ്കൃതം | 124200 | 1000 | 750 | 250 |

| | | | | | |
|---|---|---|---|---|---|
| സെന്റ് സെബാസ്റ്റ്യൻസ് യു.പി.എസ് (രണ്ടാം അർദ്ധ വർഷം) | ലിജോ ജോസഫ്, പി.റ്റി.എൽ.ജി ഹിന്ദി | 111000 | 1000 | 750 | 250 |
| | ജിജി.എ പി.റ്റി.എൽ.ജി സംസ്കൃതം | 108000 | 1000 | 750 | 250 |
| പാരാഗൺ പോളിമർ പ്രൊഡക്ട്സ് പ്രൈവറ്റ് ലിമി. (ഒന്നാം അർദ്ധ വർഷം) | അമൽ.പി രാജ് | 192888 | 1250 | 1000 | 250 |
| കൊശമറ്റം ഫിനാൻസ് ലിമി. (രണ്ടാം അർദ്ധ വർഷം) | ശ്രീജ.ജി മേനോൻ, സ്റ്റാഫ് | 63000 | 600 | 450 | 150 |
| | ആതിര മോഹൻ | 63000 | 600 | 450 | 150 |
| മുത്തൂറ്റ് ഫിനാൻസ് ലിമി., തെങ്ങണ | ഗംഗ ഓമനക്കുട്ടൻ, സ്റ്റാഫ് | 68892 | 600 | 300 | 300 |
| | സൗംല.ജെ, സ്റ്റാഫ് | 68892 | 600 | 300 | 300 |
| | ശ്വേത മോൾ .വി, സ്റ്റാഫ് | 68892 | 600 | 300 | 300 |
| ആകെ | | | | | 2700 |

III.യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, തെങ്ങണ എന്ന സ്ഥാപനം രണ്ടാം അർദ്ധവർഷം സ്ഥാപന നികുതി ഒടുക്കിയിട്ടില്ല.

വിവരം ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/ 17.07.2019) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ പറഞ്ഞ പ്രകാരം പഞ്ചായത്ത് ഫണ്ടിന് ലഭ്യമാകേണ്ട തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 2-4 വാടക - പൂർണ്ണമായും ഈടാക്കിയിട്ടില്ല

പഞ്ചായത്ത് 14770 രൂപ പ്രതിമാസ വാടകയ്ക്ക് ബി.എസ്.എൻ.എൽ ഓഫീസ് പ്രവർത്തനത്തിന് നല്കിയിരിക്കുന്ന കെട്ടിടത്തിന്റെ (നം.VII/117) വാടക കുടിശിക ഇനത്തിൽ 3019/- രൂപയും, 2018-19 വർഷത്തെ ആകെ ഡിമാന്റ് തുകയായ 177240/- രൂപയിൽ 103390/- രൂപ മാത്രമാണ് അടച്ചിട്ടുള്ളത്. 73850 /- രൂപ തൻവർഷ കുടിശിക കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/ 17.07.2019) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ പറഞ്ഞ പ്രകാരം പഞ്ചായത്ത് ഫണ്ടിന് ലഭ്യമാകേണ്ട തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 2-5-1 "ഫാക്ടറികൾക്കും,വ്യാപാരങ്ങൾക്കും,സംരംഭക പ്രവർത്തനങ്ങൾക്കും,മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ" ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

എ) താഴെപറയുന്ന സ്ഥാപന ഉടമകൾ "ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ" ചട്ടങ്ങൾ പ്രകാരം ലൈസൻസിന് അപേക്ഷ നല്കിയിട്ടുണ്ട്. എന്നാൽ ഫീസ് ഒടുക്കിയതായോ ലൈസൻസ് അനുവദിച്ചതായോ കാണുന്നില്ല.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമ | അപേക്ഷ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 369 | 143/4 | കെ കെ സുരേന്ദ്രൻ നായർ, ഗീതാലയം, മാമൂട് സ്റ്റേഷനറി വ്യാപാരം | 22/1/19 |

| | | | | |
|---|---|---|---|---|
| 2 | 366 | 17/457 | ബിപിൻ ജോസഫ് വരാക്കുന്നേൽ, മാമൂട്, ജൗളി വ്യാപാരം | 29/1/19 |
| 3 | 367 | 7/573K | ഗിരീഷ്.ജി, വാലുപറമ്പിൽ ചാന്നാനിക്കാട്.പി.ഒ ഫർണ്ണിച്ചർ കട | 30/01/19 |
| 4 | 371 | 14/97A | കുഞ്ഞുമോൾ മാത്യു നെടും പറമ്പിൽ, വാഴപ്പള്ളി പി.ഒ ഇംഗ്ലീഷ് മരുന്ന് വിൽപ്പന | 2/2/19 |
| 5 | 372 | 8/510J | ഷബ്ന പി.കെ തോപ്പിൽ, മാന്താനം പി.ഒ കൺസൾട്ടൻസി ഓഫീസ് | 2/2/19 |
| 6 | 377 | 19/623 | തോമസ് വി.ഔസേഫ്, പാറത്താനം, മാടപ്പള്ളി പി.ഒ ഇലക്ട്രിക്കൽ സാനിട്ടറി വിൽപ്പന | 5/2/19 |
| 7 | 378 | 20/17 | രതീഷ് കുമാർ, കാട്ടുങ്കൽ, തകഴി പി.ഒ, ആലപ്പുഴ ബോർമ്മ | 5/2/19 |
| 8 | 381 | 17/282 | ഏലിയാമ്മ വർഗീസ്, കാലായിൽ പെരുംപനച്ചി പി.ഒ ചെറുകിട ചില്ലറ വ്യാപാരം | 7/2/19 |
| 9 | 383 | 18/66,67 | കേശവപിള്ള, ശക്തി നിലയം വാഴപ്പള്ളി പി.ഒ ഓട്ടോ സ്പെയർ പാർട്സ് വിൽപ്പന | 8/2/19 |
| 10 | 384 | 16/434,435 | രാധാകൃഷ്ണൻ നായർ വേലായുധ മന്ദിരം, മാടപ്പള്ളി സ്റ്റേഷനറി വ്യാപാരം | 11/2/19 |
| 11 | 387 | 17/721A | പ്രസാദ് എസ്. കോച്ചേരിൽ തൃക്കൊടിത്താനം മത്സ്യ വ്യാപാരം | 13/2/19 |
| 12 | 400 | 1/168 | വർഗ്ഗീസ് മാത്യു കിഴക്കേ ചെത്തിപ്പുഴ പെരുംപനച്ചി പി.ഒ സ്റ്റേഷനറി വ്യാപാരം | |

വാർഷിക കണക്ക് പ്രകാരം 2017-18 വർഷം കുടിശിക ഇനത്തിൽ 19200/-രൂപ കിട്ടാനവശേഷിക്കുന്നു. കുടിശികയുടെ വിശദാംശങ്ങൾ, മേൽപറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 21/18-7-19 നല്കി. ലൈസൻസിനായി അപേക്ഷ നല്കിയെങ്കിലും അപേക്ഷകർ ഫീസ് ഒടുക്കിയതായോ ലൈസൻസ് അനുവദിച്ചതായോ കാണുന്നില്ല. അതിനാൽ കുടശിക ഉണ്ടാകുന്നു. ലൈസൻസ് അപേക്ഷ നല്കിയതിനു ശേഷം ഫീസ് ഒടുക്കി ലൈസൻസ് കൈപ്പറ്റാത്തവർക്ക് നോട്ടീസ് നല്കി ഫീസ് കടിശിക സഹിതം ഈടാക്കുന്നതാണ് എന്ന മറുപടി ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്നത് ഉറപ്പ് വരുത്തേണ്ടതും, ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ബി) നിയമാനുസൃതം കുറ്റം സ്ഥാപിക്കാതെ പിഴ ഈടാക്കിയത് സംബന്ധിച്ച്**

അനധികൃത തട്ടുകടകൾ പ്രവർത്തിപ്പിച്ചതിന് ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 25.02.2019 ൽ പിരിച്ച പിഴയിനത്തിലുള്ള തുക (2000/- രൂപ) പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് മുൻപ് തന്നെ പഞ്ചായത്ത് അംഗങ്ങൾ, തട്ട്കട പ്രവർത്തിപ്പിക്കുന്ന വ്യക്തികൾ എന്നിവർ പ്രതിഷേധിച്ചതിനെ തുടർന്ന്

തിരികെ നൽകിയതായി ക്ലർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമാനുസൃതം കുറ്റം സ്ഥാപിക്കുന്നതിൽ പഞ്ചായത്ത് അധികൃതർ വീഴ്ച വരുത്തിയത് മൂലം ഈടാക്കിയ പിഴ തിരികെ നൽകേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതായിരുന്നു. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ മേൽ പഞ്ചായത്തിന് നിയന്ത്രണം ഉണ്ടായിരിക്കേണ്ടതാണ്. ശരിയായ നടപടിക്രമങ്ങൾ പാലിച്ചിരുന്നുവെങ്കിൽ ലൈസൻസ് കൂടാതെ അനധികൃമായി പ്രവർത്തിച്ച തട്ടുകടകൾക്ക് എതിരെയുള്ള കുറ്റം സ്ഥാപിക്കുന്നതിനും പിഴ ഈടാക്കുന്നതിനും സാധിക്കുമായിരുന്നു. വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 2-5-2 "ഫാക്ടറികൾക്കും,വ്യാപാരങ്ങൾക്കും,സംരംഭക പ്രവർത്തനങ്ങൾക്കും,മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ"- അപാകതകൾ

(എ))1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 31.10.2017- ലെ G.O.(P) No.80/2017/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിരുന്നു. ഇത് പ്രകാരം 01.11.2017 പ്രാബല്യത്തിൽ പുതുക്കിയ ചട്ടം "ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ" എന്ന പേരിൽ നിലവിൽ വന്നു. ഇതനുസരിച്ച് 01.11.2017 മുതൽ നൽകുന്ന ലൈസൻസ് പുതുക്കിയ ചട്ടപ്രകാരം ആയിരിക്കേണ്ടിയിരുന്നു. എന്നാൽ 2018-19 വർഷത്തേക്കുള്ള അഡ്വാൻസ് ലൈസൻസ് നൽകിയിട്ടുള്ളത് 1996 ലെ ചട്ടപ്രകാരമാണ്.

(ബി) 2017-18 സാമ്പത്തിക വർഷം 528 സ്ഥാപനങ്ങളാണ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചത്. എന്നാൽ 401 സ്ഥാപനങ്ങൾ മാത്രമാണ് 2018-19 വർഷം അപേക്ഷ നല്കിയത്. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വാണിജ്യ കെട്ടിടങ്ങൾ എന്ന നിലയിൽ 1681 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും ലൈസൻസ് നേടാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാകുന്നു. അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-6 ഇ-ടെൻഡർ-ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2018-19 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ അടിസ്ഥാനത്തിൽ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുവാനുള്ള തുകയുടെ കണക്ക് തയ്യാറാക്കി അത് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം -കൂടുതൽ തുക അടയ്ക്കുന്നു

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകൾ സംയുക്തപരിശോധന നടത്തിയതിന്റെ 24.03.2017 ലെ ചങ്ങനാശ്ശേരി പി.എച്ച് ഡിവിഷൻ, അസി. എഞ്ചിനീയറുടെ റിപ്പോർട്ടു പ്രകാരമുള്ള ടാപ്പുകളുടെ എണ്ണം 169 ഉം 2018-19 വർഷം വെള്ളക്കരം ഒടുക്കിയ ടാപ്പുകളുടെ എണ്ണം 187 ഉം ആണ്. സംയുക്തപരിശോധനാ റിപ്പോർട്ടു പ്രകാരമുള്ള ടാപ്പുകളുടെ എണ്ണത്തിൽ അധികമായി 2018-19 വർഷം വെള്ളക്കരം ഒടുക്കിയതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) മറുപടി ലഭ്യമാക്കിയില്ല. ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ നിരക്കിൽ 18 ടാപ്പിന് ആകെ 94500/- രൂപ അധികമായി ഒടുക്കിയതായി കാണുന്നു. പ്രസ്തുത തുക വ്യക്തമായ അധികചെലവായി കണക്കാക്കാതിരിക്കാൻ വിശദീകരണം ഉണ്ടെങ്കിൽ ആയതും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

### 3-2 വഴിവിളക്ക് എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ -ഇൻസ്റ്റാൾ ചെയ്തതിന്റെ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. 5/19

അടങ്കൽ - 350000/-

ചെലവ്- 349700/ (ബിൽ നം.21/18-19 തീ.28.11.2018 )

2018-19 വർഷം സെക്രട്ടറി നിർവഹണം നടത്തിയ വഴിവിളക്ക് എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം കല്ലൂർ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും 269 എൽ.ഇ.ഡി ലൈറ്റുകൾ, അനുബന്ധസാമഗ്രികൾ എന്നിവ വാങ്ങുന്നതിനും ഇൻസ്റ്റലേഷനും വേണ്ടിയാണ് തുക ചെലവഴിച്ചത്. 269 എൽ.ഇ.ഡി ലൈറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെയും ഇൻസ്റ്റാൾ ചെയ്തതിന്റെയും വിശദാംശങ്ങൾ ഫയലിലില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈ പ്രോജക്ടിന് ചെലവഴിച്ച 349700/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകത

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗികവാഹനത്തിന്റെ 2018-19 വർഷത്തെ ലോഗ് ബുക്കിൽ ഇന്ധനവിനിയോഗം സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുകയും യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. വാഹനത്തിന്റെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയിലായിരിക്കുന്നതിനാൽ (ജി.ഒ.(എം.എസ്)170/07 തസ്വഭവ തീ 30.06.2007) കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖയായ ലോഗ് ബുക്ക് അധികൃതമാക്കാതെ വാഹനം ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല. അതാത് സമയത്ത് നടത്തേണ്ട രേഖപ്പെടുത്തലുകൾ, സാക്ഷ്യപ്പെടുത്തലുകൾ എന്നിവ നടത്താത്തതിന്മേൽ അടിയന്തിരമായി വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 ) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 3-4 വയോജനങ്ങൾക്ക് പോഷകമരുന്ന് വിതരണം-മരുന്നുകൾ വിതരണം ചെയ്തിട്ടില്ല:ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 29/19 വയോജനങ്ങൾക്ക് പോഷകമരുന്ന് |
| നിർവഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 200000/- |
| ചെലവ് | 199888/- |
| ബിൽ നം | 7/18-19/11/9/18 |

മേൽ പ്രോജക്റ്റ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും ലഭിച്ച ഫൈനൽ ഇൻവോയ്സ് നം. 1774/13.05.2019 പ്രകാരം D-PROTEIN(35nos), B-PROTEIN (407nos) എന്നിവ വാങ്ങി സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. മേൽ പ്രോജക്റ്റ് പ്രകാരം മരുന്ന് ലഭിച്ച ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ, ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതു സംബന്ധിച്ച വിവരങ്ങൾ, വിതരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല. ആയത് ഹാജരാക്കുന്നതിനായി എൻക്വയറി നം 6/15-7-19 നല്കിയതിനെതുടർന്ന് ഡോക്ടർമാരുടെ അഭാവം മൂലം യഥാസമയം ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടില്ല, അതിനാൽ നാളിതുവരെ മരുന്ന് വിതരണം നടത്തിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. എക്സ്പയറി കാലാവധിയുള്ള മരുന്നുകൾ വാങ്ങി ദീർഘനാളുകളായി വിതരണം ചെയ്യാതെ സൂക്ഷിക്കുന്നത് അഭിലഷണീയമല്ല. മരുന്നുകൾ വിതരണം ചെയ്യാത്ത സാഹചര്യത്തിൽ മേൽ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 വീട് വാസയോഗ്യമാക്കൽ- ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ചിട്ടില്ല

1.

| | |
|---|---|
| പ്രോജക്ട് നം | 16/19<br>വീട് വാസയോഗ്യമാക്കൽ-ജനറൽ |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 3200000/- |
| ചെലവ് | 2840000/- |

'ടി പ്രോജക്റ്റ് പ്രകാരം ധനസഹായം ലഭിച്ച താഴെപറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമനം | ഗുണഭോക്താവ് | നാളിതുവരെ ലഭിച്ച തുക | തുക ലഭിച്ച തീയതി |
|---|---|---|---|
| 1 | സുകുമാരൻ, | 20000/- | 12.12.18 |

| | | | |
|---|---|---|---|
| | താന്നിമൂട്ടിൽ മാടപ്പള്ളി, വാർഡ്-18 | ബിൽ നം. 20/18-19 /12.12.2018 | |
| 2 | ശാന്തി വിശ്വനാഥൻ ചാരുംകാട്, മാടപ്പള്ളി, വാർഡ്3 | 20000/- ബിൽ നം. 30/18-19 /16.01.2019 | 16.01.19 |
| 3 | രമണി കെ.സി ചോപ്പാനിക്കൽ മാടപ്പള്ളി, വാർഡ്-4 | 20000/- ബിൽ നം. 33/18-19 /11.03.2019 | 11.03.19 |
| 4 | ചാക്കോ പി.എം പള്ളിക്കുന്ന് മാമ്മൂട്, വാർഡ്-7 | 20000/- ബിൽ നം. 34/18-19 /21.3.2019 | 21.03.19 |

2.

| | |
|---|---|
| പ്രോജക്ട് നം | 25/19 വീട് വാസയോഗ്യമാക്കൽ-പട്ടികജാതി |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 4050000/- |
| ചെലവ് | 2520000/- |

'ടി പ്രോജക്ട് പ്രകാരം ധനസഹായം ലഭിച്ച താഴെപറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിട്ടില്ല.

| ക്രമനം | ഗുണഭോക്താവ് | നാളിതുവരെ ലഭിച്ച തുക | തുക ലഭിച്ച തീയതി |
|---|---|---|---|
| 1 | കുട്ടിവാസു ചേണാമറ്റത്തിൽ വാർഡ്-10 | 75000/- ബിൽ നം. 26/18-19 /25.10.2018 | 25.10.2018 |
| 2 | ജയൻ റ്റി. കൂനംപ്ലാക്കൽ മാമൂട് | 75000/- ബിൽ നം. 36/18-19 /14.2.2019 | 14.02.2019 |
| 3 | കുട്ടപ്പൻ നാരായണൻ ചോപ്പാനിക്കൽ മാടപ്പള്ളി, വാർഡ്-4 | 75000/- ബിൽ നം. 40/18-19 /7.1.2019 | 7.01.2019 |

പണി പൂർത്തികരിക്കാത്തതു സംബന്ധിച്ച് ഓഡിറ്റ് എൻക്വറി നം 3/15-7-19നല്കി. 1. ലെ ക്രമനം (4) പണിപൂർത്തീകരിച്ച് വാല്യുവേഷൻ എടുക്കാൻ കത്ത് നല്കിയിട്ടുള്ളതായും (1),(2),(3) എന്നിവർക്ക് പണി പൂർത്തീകരിച്ച് ബാക്കി തുക കൈപ്പറ്റാൻ നിർദ്ദേശം നല്കിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നം. 25/19 ലെ ഒരു ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് രണ്ട് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട് എന്ന മറുപടി ലഭിച്ചിട്ടുണ്ട്. ടി പ്രോജക്റ്റ് കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-6 "ലൈഫ് "ഭവനപദ്ധതി-3 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

1.

| | |
|---|---|
| പ്രോജക്ട് നം | 250/19 ലൈഫ് ഭവനപദ്ധതി SC |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 3700000/- |
| ചെലവ് | 2660000/- |

'ടി പ്രോജക്ട് പ്രകാരം നാളിതുവരെ 300000/-ലക്ഷം രൂപ 30.8.2018, 01.09.2018 എന്നീ തീയതികളിൽ ധനസഹായം ലഭിച്ച മഞ്ജു മോഹൻ, പുതുവേലിൽ, പാലമറ്റം എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2.

| | |
|---|---|
| പ്രോജക്ട് നം | 249/19<br>ലൈഫ് ഭവനപദ്ധതി ജനറൽ |
| നിർവഹണദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 8900000/- |
| ചെലവ് | 7152832/- |

ടി പ്രോജക്ട് പ്രകാരം ധനസഹായം ലഭിച്ച താഴെപറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | ലഭിച്ച തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ത്രേസ്യ, തടത്തിൽ, വാർഡ്-6 | 292832 | 25.9.2018 |
| 2 | മോളിക്കുട്ടി, ആനപ്ലാക്കൽ, വാർഡ്-4 | 300000 | 9.10.2018 |

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 3/15-7-19നല്കി. ഗുണഭോക്താക്കൾ മേൽക്കൂര വരെ പൂർത്തിയാക്കിയിട്ടുണ്ട്. പ്ലംബിഗ്,വയറിംഗ് ജോലികൾ പൂർത്തീകരിക്കാനുണ്ട്. 9 മാസത്തെ കാലയളവിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ടി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട് എന്ന മറുപടി ലഭിച്ചിട്ടുണ്ട്. ഭവനനിർമ്മാണം കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 3-7 ഹരിതസഹായ സ്ഥാപനം (കൺസൾട്ടേഷൻ) - നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം./പേര് | 135/19 ഹരിത സഹായ സ്ഥാപനം (കൺസൾട്ടേഷൻ) |
| അടങ്കൽ | 36500(വികസന ഫണ്ട്) +294000 (ധനകാര്യ കമ്മീഷൻ) +<br>9500 (തനത് ഫണ്ട്) = 3,40,000 |
| ചെലവ് | 340000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ 18.1.2019-ലെ SEUF/KTM/HIC/2018/3 നം കത്ത് പ്രകാരം ശുചിത്വം, മാലിന്യ സംസ്ക്കരണം എന്നിവ ലക്ഷ്യമിട്ട് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ജില്ലാ കോർഡിനേറ്റർ, കോട്ടയവുമായി കരാറിലേർപ്പെട്ട് 340000 രൂപ കൺസൾട്ടേഷൻ ഫീസ് ഇനത്തിൽ നൽകിയതായി കാണുന്നു. ഹരിതകേരളം പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടാണ് ടി തുക നിക്ഷേപിച്ചിട്ടുള്ളതെങ്കിലും യാതൊരു പ്രവർത്തനങ്ങളും നടത്തിയതായി കാണുന്നില്ല. കൈപ്പറ്റ് വിവരം ലഭ്യമാക്കുന്നതിന് 3.6.2019 ലെ എ2-1070/19 പ്രകാരം കത്ത് നൽകിയതായി കാണുന്നുണ്ടെങ്കിലും കൈപ്പറ്റ് രസീത് ലഭിച്ചതായി കാണുന്നില്ല. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തുക | ചെക്ക് നം. / ബിൽ നം. / തീയതി |
|---|---|
| 36500 | 027/18-19/16.3.19 |
| 9500 | 0900198/26.3.19 |
| 294000 | 026/18-19/16.3.19 |
| ആകെ 3,40,000 | |

വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് മുഖേന (നം.2) ആവശ്യപ്പെട്ടതിൽ പ്രവർത്തനവിശദാംശങ്ങൾ ടി കത്തിൽ വിശദമാക്കിയിട്ടുണ്ടെന്നും കൈപ്പറ്റ് രസീത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി തുകയുടെ വിനിയോഗവിവരങ്ങൾ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കുന്നത് വരെ 3,40,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-8 സ്വയം തൊഴിൽ - എസ്.സി.യുവജനങ്ങൾക്ക് മോട്ടോർ സൈക്കിളിന് സബ്സിഡി -വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം./പേര് | 113/19<br>സ്വയംതൊഴിൽ- എസ് സി യുവജനങ്ങൾക്ക് മോട്ടോർ സൈക്കിളിന് സബ്സിഡി |

| | |
|---|---|
| അടങ്കൽ | 210000 (വികസന ഫണ്ട്, എസ് സിപി ) |
| ചെലവ് | 210000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

തൻവർഷം തൊഴിൽരഹിതരായ യുവാക്കൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് മോട്ടോർസൈക്കിൾ വാങ്ങുന്നതിന് സബ്സിഡി നൽകുകയാണ് ടി പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. ഇതനുസരിച്ച് ഏഴ് ഗുണഭോക്താക്കൾക്ക് വാഹന ഡീലർമാരിൽ നിന്നും ലഭിച്ച ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ 30000 രൂപ വീതം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയാണ് ചെയ്തത്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം. / തീയതി | തുക |
|---|---|
| 03/18-19/14.8.18 | 30000 |
| 04/18-19/14.8.18 | 30000 |
| 09/18-19/31.10.18 | 30000 |
| 11/18-19/23.11.18 | 60000 |
| 21/18-19/10.12.18 | 30000 |
| 24/18-19/14.12.18 | 30000 |
| ആകെ | 210000 |

ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ധനസഹായം കൈപ്പറ്റിയ വ്യക്തികൾ സ്വയം തൊഴിലിൽ ഏർപ്പെട്ടതിന്റെ യാതൊരു രേഖകളും ഇല്ല. സ്കൂട്ടർ വിലയുടെ ക്വട്ടേഷൻ മാത്രമാണ് ഫയലിൽ ഉള്ളത്. സ്കൂട്ടർ വാങ്ങിയതിന്റെയോ രജിസ്ട്രേഷൻ നടത്തിയതിന്റെയോ രേഖകൾ ഇല്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. ടി അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് ലഭിച്ച മറുപടിയിൽ പല തവണ ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കിയില്ലെന്നും സബ്സിഡി ആനുകൂല്യങ്ങൾ ലഭിച്ചതിന് ശേഷം രേഖകൾ ഹാജരാക്കുന്നതിന് വിമുഖതയുള്ള ഗുണഭോക്താക്കളാണ് ഭൂരിഭാഗവും എന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും ആനുകൂല്യങ്ങൾ നൽകിയതിന് ശേഷമാണ് അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെടുന്നതെന്നും വ്യക്തമാകുന്നു. സ്വയം തൊഴിൽ സംബന്ധിച്ച സാക്ഷ്യപത്രം, രജിസ്ട്രേഷൻ രേഖകൾ, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 210000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 അടിസ്ഥാന സൗകര്യങ്ങളില്ലാത്ത കെട്ടിടത്തിൽ സ്വയം തൊഴിൽ സംരംഭത്തിനായി കൈമാറിയ തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 190/19 |
| അടങ്കൽ | 250000(വി.ഫ.) |
| ചെലവ് | 250000 |
| ബിൽ നം. /തീയതി | 013/18-19/23.11.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വിഭാഗം വനിതകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ഉദ്ദേശിച്ചാണ് തൻവർഷം ടി തുക ചെലവഴിച്ചിട്ടുള്ളത്. എസ്.സി. ഫണ്ടുപയോഗിച്ച് തെങ്ങണയിൽ നിർമ്മിച്ച കെട്ടിടത്തിൽ സ്വയം തൊഴിൽ ചെയ്യുന്നതിന് “JANY ME GROUP KUDUMBASREE" എന്ന വനിതാഗ്രൂപ്പിനാണ് ടിതുക കൈമാറിയിട്ടുള്ളത്. ടി ഗ്രൂപ്പിന്റെ കാനറാബാങ്കിലുള്ള 3013101075834 നം. അക്കൗണ്ടിൽ 26.11.2018ൽ ടി തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) നിർവ്വഹണ ഉദ്യോഗസ്ഥനും തുക കൈപ്പറ്റിയ വനിതാ ഗ്രൂപ്പും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ചതിൽ കെട്ടിടം യാതൊരു വിധത്തിലും ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും അതിനാൽ നാളിതുവരെ യാതൊരു തൊഴിൽ സംരംഭങ്ങളും ആരംഭിച്ചിട്ടില്ലെന്നും വ്യക്തമാകുന്നു. മുൻവർഷം 2,00,000 രൂപ ഉൾപ്പെടെ 450000രൂപ നാളിതുവരെ ടി ഗ്രൂപ്പിന് കൈമാറിയിട്ടുണ്ട്. 30.04.2019 ൽ ടി അക്കൗണ്ടിൽ 462486 രൂപ നീക്കിയിരിപ്പുണ്ട്. പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള അപേക്ഷയോ, മറ്റു രേഖകളോ ഒന്നും

ഹാജരാക്കാതെയും, കെട്ടിടത്തിന് വൈദ്യുതി, വാട്ടർ കണക്ഷൻ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും ഏർപ്പെടുത്താതെയും പദ്ധതി തുക ചെലവഴിക്കുവാൻ വേണ്ടി മാത്രം 450000 രൂപ ഒരു വനിതാഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകുകയും ടി തുക നാളിതുവരെ ചെലവഴിക്കപ്പെടാതെ അവശേഷിക്കുകയും ചെയ്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ മതിയായ രേഖകൾ ഇല്ലാതെ ചെലവഴിച്ച 2,50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നാളിതുവരെ വിനിയോഗിക്കപ്പെടാത്ത 2,50,000 രൂപ പലിശ സഹിതം ഈടാക്കി വികസനഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-10 മഴവെള്ള സംഭരണി - പട്ടികജാതി വിഭാഗക്കാർക്ക് പി.വി.സി.ടാങ്ക് വിതരണം

| | |
|---|---|
| പ്രോജക്ട് നം. | 240/19 |
| അടങ്കൽ | 199200 (വികസനഫണ്ട്, എസ്.സി.പി.) + 70000 (ഗുണഭോക്തൃവിഹിതം) = 269200 |
| ചെലവ് | 27300 + 40600 = 67900 |
| ബിൽ നം. /തീയതി | 006/18-19/15.10.18 -27300<br>0900139/19.11.18 - 7000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രോജക്ട് പ്രകാരം തൻവർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 13 പി.വി.സി. ടാങ്കുകൾ വാങ്ങിയതായി കാണുന്നു. 2800 രൂപ നിരക്കിൽ പി.എം.എം.& സൺസ്, കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചാണ് ടാങ്കുകൾ വാങ്ങിയിട്ടുള്ളത്. ഇതിൽ 2100രൂപ വികസനഫണ്ട് വിഹിതവും 700 രൂപ ഗുണഭോക്തൃ വിഹിതവും (സ്ഥാപനത്തിൽ അടച്ചത്) ആണ് വകയിരുത്തിയിരുന്നത്. 13 പേരുടെ വികസനഫണ്ട് വിഹിതം 27300 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പത്ത് ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതമായ 7000 രൂപ ഒടുക്കുന്നതിന് നം.3786/18/23.11.18 പ്രകാരം നടപടിക്രമങ്ങൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും തുക ഒടുക്കിയതായി കാണുന്നില്ല. 13 പി.വി.സി. ടാങ്കുകൾ വാങ്ങിയതിൽ 3 ടാങ്കുകളുടെ ഗുണഭോക്തൃവിഹിതമായ 2100 രൂപ ഒടുക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ചെലവ് പത്രിക പ്രകാരം ഗുണഭോക്തൃവിഹിതമായി 40600 രൂപ ഒടുക്കിയിട്ടുണ്ട്. 13 ടാങ്കുകൾക്ക് 700രൂപ നിരക്കിൽ ഒടുക്കു വരുത്തേണ്ട ഗുണഭോക്തൃവിഹിതം 9100 രൂപയാണ്. ടിയിനത്തിൽ അധികം തുക ഒടുക്കുവരുത്തിയതിന് കാരണം വ്യക്തമല്ല. ഗുണഭോക്തൃവിഹിതം വരവ്, ഒടുക്ക്, സ്റ്റോക്ക്, വിതരണ വിവരങ്ങൾ, കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 2) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പ്രോജക്ടിന് ചെലവഴിച്ച തുകകളുടെ കൃത്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വികസനഫണ്ടിനത്തിലെ 27300/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ - സൈക്കിളുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 124/19 |
| പ്രോജക്ടിന്റെ പേര് | പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാത്ഥികൾക്ക്<br>പുതിയ സൈക്കിൾ വാങ്ങി നൽകൽ |
| അടങ്കൽ | 25000 (വികസന ഫണ്ട്, എസ്. സി. പി.) |
| ചെലവ് | 24960 |
| ബിൽ നം./തീയതി | 019/18-19/10.12.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നം. | 125/19 |
| പ്രോജക്ടിന്റെ പേര് | പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി<br>വിദ്യാത്ഥിനികൾക്ക് പുതിയ സൈക്കിൾ |
| അടങ്കൽ | 25000(വികസന ഫണ്ട്, എസ്. സി. പി.) |
| ചെലവ് | 24960 |

| | |
|---|---|
| ബിൽ നം./ തീയതി | 020/18-19/10.12.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി രണ്ട് പ്രോജക്ടുകൾ പ്രകാരം 4 വിദ്യാർത്ഥികൾക്ക് വീതം 6240 രൂപ നിരക്കിൽ ചെലവഴിച്ച് പ്ലാസ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിളുകൾ വാങ്ങിയതായി ഫയലിൽ കാണുന്നു. ഇത് സംബന്ധിച്ച അപേക്ഷകൾ, അനുബന്ധ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 16.07.2019ൽ നടത്തിയ ഭൗതിക പരിശോധനയിൽ സൈക്കിളുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ലെന്ന് കണ്ടു. തുക കൊടുത്ത് മാസങ്ങൾ കഴിഞ്ഞിട്ടും സൈക്കിളുകൾ കൈപ്പറ്റുകയോ വിതരണം ചെയ്യുകയോ ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ടി വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2) തുടർച്ചയായി 18.07.2019ന് സൈക്കിളുകൾ ലഭിച്ചതായി അറിയിക്കുകയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് മാത്രമാണ് 18.7.2019 ൽ സൈക്കിളുകൾ ഗ്രാമപഞ്ചായത്തിൽ എത്തിച്ചത്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നുമുള്ള അപേക്ഷകളോ, അർഹതാ സാക്ഷ്യപത്രങ്ങളോ ലഭ്യമാക്കുന്നതിനും അവ പരിശോധിച്ച് ആവശ്യകത ഉറപ്പുവരുത്തുന്നതിനും യാതൊരു നടപടികളും സ്വീകരിക്കാതെ പദ്ധതിപ്പണം വിനിയോഗിച്ച് സൈക്കിളുകൾ വാങ്ങിയത് പദ്ധതി വിഹിതം പാഴാക്കുന്നതിന് തുല്യമാണ്. സാധനങ്ങൾ കൈപ്പറ്റുക പോലും ചെയ്യാതെ പദ്ധതി വിഹിതം ചെലവഴിക്കുന്നതിന് മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥൻ വ്യഗ്രത കാട്ടിയത്. ഇത് സ.ഉ. (കൈ)നം. 11/2018 /തസ്വഭവ. തീയതി. 29.01.2018 ഖ. 6-1 ന്റെ ലംഘനമാണ്. ടി സാഹചര്യത്തിൽ ചെലവഴിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി പ്രോജക്ടുകൾക്ക് ചെലവഴിച്ച 49,920രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗ്രാമസഭാ തീരുമാനം ഉൾപ്പെടെയുള്ള വ്യവസ്ഥാപിതമായ നടപടികളിലൂടെ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് അർഹതയ്ക്ക് വിധേയമായി സൈക്കിളുകൾ വിതരണം ചെയ്തതിന്റെ ആധികാരിക രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കാത്ത പക്ഷം വികസനഫണ്ടിന്റെ വ്യക്തമായ ദുർവിനിയോഗമായി കണക്കാക്കി ചെലവ് നിരാകരിച്ച് സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

### 3-12 8,9 ക്ലാസ്സുകളിലെ പട്ടികജാതി/ പട്ടികവർഗ്ഗ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ -നാളിതുവരെ വിതരണം ചെയ്തിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

1.

| | |
|---|---|
| പ്രോജക്ട് നം. | 126/19 |
| പ്രോജക്ടിന്റെ പേര് | 8,9 ക്ലാസ്സുകളിലെ പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 50000 (വികസന ഫണ്ട്, എസ്. സി. പി.) |
| ചെലവ് | 49800 |
| ബിൽ നം. / തീയതി | 022/18-19/13.12.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2.

| | |
|---|---|
| പ്രോജക്ട് നം. | 127/19 |
| പ്രോജക്ടിന്റെ പേര് | 8,9 ക്ലാസ്സുകളിലെ പട്ടികജാതി പെൺകുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 50000 (വികസനഫണ്ട്, എസ്. സി. പി.) |
| ചെലവ് | 49800 |
| ബിൽ നം. / തീയതി | 022/18-19/13.12.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

3.

| | |
|---|---|
| പ്രോജക്ട് നം. | 128/19 |
| പ്രോജക്ടിന്റെ പേര് | 8,9 ക്ലാസ്സുകളിലെ പട്ടികവർഗ്ഗ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 56000 (വികസന ഫണ്ട്, എസ്. സി. പി.) |
| ചെലവ് | 54780 |
| ബിൽ നം. / തീയതി | 017 /18-19/30.11.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ടി പ്രോജക്ടുകൾ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി പ്ലാസാ എന്റർപ്രൈസസിൽ നിന്നും 24.11.18 ലെ ബിൽ പ്രകാരം 31 മേശകളും 31കസേരകളും വാങ്ങിയതായി കാണുന്നു. ഒരു മേശയ്ക്ക് 3290രൂപ വീതവും ഒരു കസേരയ്ക്ക് 1690രൂപ വീതവുമാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ടി പഠനോപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിൽ ഒരു മേശയും ഒരു കസേരയും വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൗതിക പരിശോധന നടത്തിയതിൽ 30മേശകൾ വണ്ടി ഷെഡിലും 30കസേരകൾ കമ്മിറ്റി ഹാളിലും സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളും ഫയലിൽ ഇല്ല. ഒന്നും രണ്ടും പ്രോജക്ടുകൾക്ക് ഒരേ ബിൽ തന്നെയാണ് ഹാജരാക്കിയിട്ടുള്ളത്. ടി അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിന് 15-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി തുക ചെലവഴിച്ച് സാധനങ്ങൾ കൈപ്പറ്റി ആറ് മാസത്തിലധികമായി വിതരണം ചെയ്യാതെ സൂക്ഷിക്കുന്നതിൽ നിന്നും വികസനഫണ്ട് ദുരുപയോഗം ചെയ്യുന്നതായി വ്യക്തമാകുന്നു. ഇതിന്മേൽ അന്വേഷണം നടത്തി യുക്തമായ നടപടികൾ സ്വീകരിച്ച് മതിയായ രേഖകൾ സഹിതം ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാത്ത പക്ഷം ടിയിനത്തിൽ ചെലവഴിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ വിതരണം ചെയ്യപ്പെട്ട ഫർണിച്ചറിന് ചെലവായ 4980 രൂപ കിഴിച്ച് ആകെ ചെലവായ 1,54,380 രൂപയിൽ 1,49,400 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-13 പട്ടികജാതി മെറിറ്റോറിയസ് വിദ്യാത്ഥികൾക്ക് ധനസഹായം - അർഹമായതിലും അധിക നിരക്കിൽ തുക നൽകിയത് അംഗീകരിക്കുന്നില്ല.

1.

| | |
|---|---|
| പ്രോജക്ട് നം. | 122/19 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി മെറിറ്റോറിയസ് വിദ്യാത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിനുള്ള ധനസഹായം |
| അടങ്കൽ | 100000 (വികസന ഫണ്ട്, എസ്. സി. പി.) |
| ചെലവ് | 100000 |
| ബിൽ നം./ തീയതി | 023 /18-19/21.12.18 -75000<br>028/ 18-19/16.03.19 - 25000 |

2.

| | |
|---|---|
| പ്രോജക്ട് നം. | 123/19 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി മെറിറ്റോറിയസ് വിദ്യാത്ഥിനികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിനുള്ള ധനസഹായം |
| അടങ്കൽ | 100000(വികസന ഫണ്ട്, എസ്. സി. പി.) |
| ചെലവ് | 100000 |
| ബിൽ നം. / തീയതി | 010 /18-19/19.11.18 -50000<br>025/ 18-19/15.01.19 - 50000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രോജക്ടുകൾ പ്രകാരം സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി 14.2.2018 ലെ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിദ്യാത്ഥികൾക്ക് അർഹമായതിലും അധികനിരക്കിൽ ധനസഹായം അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | പഠിക്കുന്ന കോഴ്സ് | നൽകിയ തുക | അർഹമായത് | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | കിരൺ രാജ്, ചക്കുങ്കൽ പുതുപ്പറമ്പ്, മാടപ്പള്ളി | ബി.എസ്.സി.കംപ്യൂട്ടർ സയൻസ് | 25000 | 20000 | 5000 |
| 2 | ജിതിൻ കെ.പ്രസാദ്, പുന്നക്കുന്നിൽ, പെരുമ്പനച്ചി | ബി.എസ്സി. ഹോട്ടൽ മാനേജ്മെന്റ് & കേറ്ററിംഗ് സയൻസ് | 25000 | 20000 | 5000 |
| 3 | അനന്തു എ., കിണറ്റും പറമ്പിൽ, പൻപുഴ | പ്രൊഫഷണൽ ഡിപ്ലോമ ഇൻ കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് | 25000 | 15000 | 10000 |
| 4 | ജയേഷ്കുമാർ ഇ.ജെ., ഏഴോലിക്കൽ, മാടപ്പള്ളി | ഡിപ്ലോമ ഇൻ ഹാർഡ്വെയർ & നെറ്റ് വർക്ക് എഞ്ചിനീയറിംഗ് | 25000 | 15000 | 10000 |
| 5 | അനുജ ഗണേശൻ, വിനയചന്ദ്രഭവനം, മാടപ്പള്ളി | ബി.എ).ഇക്കണോമിക്സ് | 25000 | 20000 | 5000 |
| 6 | അഖില ടി.വിജയൻ, താന്നിമൂട്ടിൽ, കുറുമ്പനാടം | ബി.എസ്സി.എം.എൽ.റ്റി | 25000 | 20000 | 5000 |
| | ആകെ | | | | 40000 |

അധികം നൽകിയ തുക നിരാകരിക്കാതിരിക്കുന്നതിന് എന്തെങ്കിലും വിശദീകരണം ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16) നൽകിയതിന് ലഭിച്ച മറുപടിയിൽ ക്രമ നം. 1നും 2നും 2017 ലെ ഉത്തരവ് പ്രകാരമാണ് തുക നൽകിയിട്ടുള്ളതെന്നും ബാക്കിയുള്ളവർക്ക്, പ്രോജക്ടിൽ 25000 രൂപ വീതം വകയിരുത്തിയതിനാലാണ് അപ്രകാരം നൽകിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് അധികനിരക്കിൽ ധനസഹായം നൽകിയത് അംഗീകരിക്കുന്നില്ല. അധികം നൽകിയ 40000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-14 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | 210/19 |
| പ്രോജക്ടിന്റെ പേര് | എസ്.സി.ഡിഗ്രി വിദ്യാത്ഥിനികൾക്ക് പഠനമുറി |
| അടങ്കൽ | 200000 (വികസനഫണ്ട്, എസ് സിപി) |
| ചെലവ് | 150000 |
| ബിൽ നം. / തീയതി | 114476 /18-19/16.05.18 -50000<br>643826 / 18-19/12.10.18 – 50000<br>760361/18-19/7.11.18 - 50000 |

ടി പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങൾ, തുക വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നം.20 ആയി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കിയ

ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റി നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പാസ്സ് ബുക്ക് പകർപ്പുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പേരും വിലാസവും | തവണ | കൈപ്പറ്റിയ തുക | അക്കൗണ്ട് നം. | ബിൽ നം./തീയതി |
|---|---|---|---|---|---|
| 1 | രേഷ്മദാസ്, വള്ളിയാംതടം, മാമ്മൂട് പി.ഒ. | 1 | 50000 | 67211502845 (SBI) | 18080652030300760361/ 7.11.18 |
| 2 | രാജു കെ.എൻ., പള്ളിക്കാമറ്റം, മാമ്മൂട് | 2 | 25000 | 17220100026207 (ഫെഡറൽ ബാങ്ക്) | 18080652030300643826 |
| 3 | രാജു കെ.കെ., മുതിരമല, വെള്ളുകുന്ന്, കുറുമ്പനാടം | 2 | 25000 | 67314348717 (SBI) | 18080652030300643826 |
| | ആകെ | | 100000 | | |

പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ടി 100000 രൂപ പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-15 കന്നുകുട്ടി പരിപാലനം – തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം. | 140/18-19 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 800000 (വികസനഫണ്ട്,ജനറൽ)<br>800000(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 1600000 |
| ബിൽ നം. / തീയതി | 06/18-19/27.12.18 -800000 |

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രോജക്ടിന് തൻവർഷം 6/18-19/27.12.2018 നം. ബിൽ പ്രകാരം 800000 രൂപ ചെലവഴിച്ചിട്ടുണ്ട്. തൻവർഷം 64 ഗുണഭോക്താക്കളുടെ വിഹിതമാണ് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് ഒടുക്കു വരുത്തിയിട്ടുള്ളത്. എന്നാൽ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, 2/2019 മുതൽ 6/2019 വരെ കാലിത്തീറ്റ വിതരണം ചെയ്തതിൽ വിവിധ മാസങ്ങളിലായി 8 ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ലെന്ന് കാണുന്നു. തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നം.19 ആയി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് വിനിയോഗവിവരങ്ങൾ പദ്ധതി പൂർത്തീകരിക്കുമ്പോൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി സാഹചര്യം പരിഗണിച്ച് അടവാക്കിയ തുകയുടെ യഥാർത്ഥ വിനിയോഗ, ബാലൻസ് വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 800000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-16 റോഡ് റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില ഈടാക്കിയത് - അതാത് ഫണ്ടുകളിൽ അടവാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ബില്ലുകളിൽ നിന്നും ബാരൽ വില ഇനത്തിൽ ഈടാക്കിയ തുകകൾ സെക്രട്ടറിയുടെ ട്രഷറിയിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ (നം.708061400000009) ഒടുക്കിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ബില്ലിൽ നിന്നും ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയ തുക | ഫണ്ടിനം |
|---|---|---|---|
| 213/19 | റീത്തുപള്ളി | 7864 | ഫിനാൻസ് |

| | | | |
|---|---|---|---|
| | കൊരണ്ടിത്താനം റോഡ് റീ ടാറിംഗ് വാർഡ് 12 | | കമ്മീഷൻ ഗ്രാന്റ് |
| 214/19 | വെങ്കോട്ട പാറേപ്പീടിക അപ്പായിമുക്ക് റോഡ് റീടാറിംഗ് വാർഡ് 12 | 2808 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 217/19 | പെരുമ്പനച്ചി മുല്ലശ്ശേരിക്കുന്ന് റോഡ് റീടാറിംഗ് വാർഡ് 17 | 5055 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| | ആകെ | 15727 | |

ടി 15727 രൂപ ജി.ഒ.(പി) 177/06/12.4.06 പ്രകാരം അതാത് ഫണ്ടുകളിലേക്ക് തിരികെ ഒടുക്കാതിരുന്നതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.30) നൽകിയിരുന്നു. ഇതിന് ലഭിച്ച മറുപടിയിൽ തുക അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 15727 രൂപ സർക്കാർ നിർദ്ദേശ പ്രകാരം അതാത് ഫണ്ടുകളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-17 ആയുർവേദ ഡിസ്പെൻസറിക്ക് ഔഷധങ്ങൾ വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 12/19 ആയുർവേദ ഡിസ്പെൻസറിക്ക് ഔഷധങ്ങൾ വാങ്ങൽ |
| നിർവഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം |
| അടങ്കൽ | 400000/- (എം.ജി.-നോൺ റോഡ്) |
| ചെലവ് | 400000/- |
| ബിൽ നം | 1/18-19/9-11-18 |

ഔഷധിയിൽ നിന്നും ലഭിച്ച ഇൻവോയ്സ് നം.61971/9.10.18 പ്രകാരം 400000/- രൂപ ഔഷധിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 359464/- രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളു. 40536/-രൂപയുടെ മരുന്നുകൾ ലഭിക്കാത്തതിന്റെ കാരണം വിശദമാക്കുന്നതിനായി എൻക്വയറി നം 9/16-7-19നല്കി. അസംസ്കൃത വസ്തുക്കളുടെ അഭാവം മൂലം മരുന്ന് നിർമ്മാണത്തിൽ കാലതാമസം നേരിട്ടതിനാൽ ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാകാൻ വൈകുന്നു എന്ന മറുപടി ലഭിച്ചിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ 40536/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിച്ച് ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-18 ടിഷ്യുകൾച്ചർ ഏത്തവാഴകൃഷി- വാഴതൈകൾ വിതരണം ചെയ്തില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 11/19 ടിഷ്യുകൾച്ചർ ഏത്തവാഴകൃഷി |
| നിർവഹണോദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| അടങ്കൽ | 200000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 200000/- |
| ബിൽ നം | 11/18-19/15-12-18 |

വി.എഫ്.പി.സി.കെ.ആലത്തൂർ, പാലക്കാട്- നിന്നും ലഭിച്ച SPP/PKD/1463 dtd.22-11-18 ബിൽ പ്രകാരം 10000 വാഴകൾക്ക് മേൽ തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിതരണ രേഖകൾ ലഭച്ചില്ല. ഇതു സംബന്ധിച്ച് എൻക്വയറി നം 10/16-7-19 നല്കി. മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിലെ ടിഷ്യു കൾച്ചർ യൂണിറ്റിൽ നിന്നും വാഴതൈകൾ വാങ്ങി വിതരണം ഉദ്ദേശിച്ചാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. എന്നാൽ പ്രളയത്തെ തുടർന്ന് വാഴതൈകൾ കേടുവന്നതിനാൽVFPCK ആലത്തൂരിനോട് ആവശ്യപ്പെടുകയായിരുന്നു. ആയതിൻ പ്രകാരം ഉൽപ്പാദനം തുടങ്ങിയ തൈകൾ ജൂലൈ മാസത്തോടെ വളർച്ചയെത്തുകയുള്ളു. ജൂലൈ മാസാവസാനത്തോടെ മാത്രമെ വിതരണത്തിനെത്തുകയുള്ളു എന്ന മറുപടി ലഭിച്ചിട്ടുണ്ട്. വാഴതൈകൾ വിതരണം ചെയ്യാത്ത സാഹചര്യത്തിൽ 200000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാഴതൈകൾ ലഭിക്കുന്ന മുറയ്ക് വിതരണ വിവരം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-19 ആശ്രയ പ്രോജക്ട് - തൻവർഷം യാതൊരു പ്രവത്തനങ്ങളും നടത്തിയില്ല - 200000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 111/19 |
| പ്രോജക്ടിന്റെ പേര് | ആശ്രയ പദ്ധതി |
| അടങ്കൽ | 200000 (വികസന ഫണ്ട്, ജനറൽ)<br>200000 (തനത് ഫണ്ട്) |
| ചെലവ് | 200000 (വികസനഫണ്ട്, ജനറൽ) |
| ബിൽ നം. / തീയതി | 015 /18-19/23.11.18 -200000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആശ്രയ പദ്ധതിയിലുൾപ്പെടുത്തി വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന് തൻവർഷം 200000 രൂപ കുടുംബശ്രീയുടെ ആശ്രയ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17) നൽകിയതിന് ലഭിച്ച മറുപടിയിൽ ചെലവ് ഒന്നും നടക്കാത്ത സാഹചര്യത്തിലാണ് തനത് ഫണ്ട് കൈമാറാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലം വാങ്ങൽ, വീട് നിർമ്മാണം, കിണർനിർമ്മാണം, കക്കൂസ് നിർമ്മാണം, മരുന്ന്, ആഹാരം, പഠന സഹായം, വിവാഹധനസഹായം എന്നിവയാണ് പദ്ധതിയുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തിയിരുന്നത്. സമൂഹത്തിലെ താഴേക്കിടയിലുള്ള അഗതികളായ ജനങ്ങൾക്ക് വിനിയോഗിക്കേണ്ട ടി തുക യഥാസമയം വിനിയോഗിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. അഗതിരഹിത കേരളം മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. 31.3.2019 ൽ ആശ്രയ അക്കൗണ്ടിൽ 6,85,222രൂപ നീക്കിയിരുപ്പുണ്ട്. തുക വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതു വരെ തൻവർഷം ചെലവായ 200000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-20 അവധിവിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല

25.04.2018 തീയതിയിലെ 21800050-ാം നം വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്തിലെ ക്ലർക്കായ ജയചന്ദ്രൻ സി. എന്നയാളിന് 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് തുക നൽകിയിട്ടുണ്ട്. എന്നാൽ ആർജ്ജിതാവധി കണക്കാക്കുന്നതിനുള്ള ദിവസങ്ങളിൽ ടിയാൻ അർദ്ധവേതനാവധി എടുത്ത 19 ദിവസങ്ങൾ (2.4.2018-11.04.2018 വരെ 10 ദിവസം, 03.05.2018- 11.05.2018 വരെ 9 ദിവസം) കുറവു ചെയ്തിട്ടില്ല. സേവനപുസ്തകത്തിൽ അർദ്ധവേതനാവധി വിവരം രേഖപ്പെടുത്തിയിട്ടുമില്ല. ടിയാൻ സേവനത്തിൽ പ്രവേശിച്ച് മൂന്ന് വർഷം പൂർത്തിയാക്കുന്നതിന് മുൻപ് തന്നെ ആർജ്ജിതാവധി റീകാസ്റ്റ് ചെയ്ത് നൽകിയതായി കാണുന്നു. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

### 3-21 ഡെപ്പോസിറ്റ് വർക്ക് -വിനിയോഗസാക്ഷ്യപത്രമില്ല.

1.പ്രോജക്ട് നം. -158/18-19

2018-19 വർഷം സെക്രട്ടറി നിർവഹണം നടത്തിയ പൊതുകുഴൽകിണർ മെയിന്റനൻസ് എന്ന പ്രോജക്ട് പ്രകാരം 92304/- രൂപ ഭൂജലവകുപ്പിന് നൽകിയിട്ടുണ്ട്. കരാർ ,വിനിയോഗസാക്ഷ്യപത്രം മുതലായവ ഫയലിലില്ല.

2.പ്രോജക്ട് നം.103/18-19

2018-19 വർഷം സെക്രട്ടറി നിർവഹണം നടത്തിയ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ട് പ്രകാരം 759780/- രൂപ കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. കരാർ, വിനിയോഗസാക്ഷ്യപത്രം മുതലായവ ഫയലിലില്ല.
വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ 852084/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-22 അസിസ്റ്റന്റ് സെക്രട്ടറിയുടെ സസ്പെൻഷൻ -തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമല്ല.

5.2.2019 തീയതിയിലെ 21800976 -ാം നം വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിക്ക് സസ്പെൻഷൻ കാലയളവിലെ (23.8.2018 മുതൽ 28.09.2018 വരെ) ശമ്പളമിനത്തിൽ 14158/- രൂപ നൽകിയിട്ടുണ്ട്. 30.08.2018 തീയതിയിലെ കമ്മറ്റിയുടെ 3-1 നമ്പർ തീരുമാനം പ്രകാരം സസ്പെൻഡ് ചെയ്യുന്ന നടപടി അംഗീകരിച്ചും ടി വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് അഭ്യർത്ഥിച്ചും തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.34)മറുപടിയിൽ അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മറ്റിക്ക് ഉദ്യോഗസ്ഥന്റെ പേരിലുള്ള അച്ചടക്ക നടപടി വേണ്ടെന്ന് വെക്കാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അന്വേഷണറിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

### 3-23 യാത്രാബത്ത -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 24.11.2018 ലെ 21800640 -ാം നം വൗച്ചർ പ്രകാരം 19000/- രൂപ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഡ്രൈവർക്ക് 11/2017 മുതൽ 09/2018 വരെയുള്ള യാത്രാബത്തയിനത്തിൽ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | തുക |
|---|---|
| നവംബർ 2017 | 2250 |
| ഡിസംബർ 2017 | 2125 |
| ജനുവരി 2018 | 2000 |
| ഫെബ്രുവരി 2018 | 2000 |
| മാർച്ച് 2018 | 1500 |
| ഏപ്രിൽ 2018 | 1125 |
| മെയ് 2018 | 2250 |
| ജൂൺ 2018 | 2125 |
| ജൂലൈ 2018 | 1500 |
| ആഗസ്ത് 2018 | 875 |
| സെപ്തംബർ 2018 | 1250 |

ഇപ്രകാരം യാത്രാബത്ത നൽകിയതിൽ റ്റി.എ സീലിംഗ് സംബന്ധിച്ച സർക്കാർ ഉത്തരവ് (പി) നം.137/2016/ഫിൻ തീയതി. 09.09.2016 പ്രകാരം അനുവദനീയമായ പ്രതിമാസ/ത്രൈമാസ പരിധി പാലിച്ചിട്ടില്ല. അനുവദനീയമായതിലും അധികമായി നൽകിയ തുക കണക്കാക്കി തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 1960000 | സമ്പൂർണ്ണ പാർപ്പിട പദ്ധതി - ലൈഫ് ഭവന നിർമ്മാണം | 1960000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 828864 | സമ്പൂർണ്ണ പാർപ്പിട പദ്ധതി - ലൈഫ് ഭവന നിർമ്മാണം | 767432 | 61432 |
| ജില്ലാ പഞ്ചായത്ത് | | 200000 | അംഗപരിമിതരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 295000 | പൻപുഴ സാംസ്കാരിക നിലയത്തിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ (എസ്.സി) | 295000 | 0 |

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ/ചെക്ക് നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 759780 | | 0 |
| Ground Water | കുഴൽ കിണർ അറ്റകുറ്റപ്പണി | 92304 | | 0 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | 31.03.2019 വരെ വായ്പ എടുത്ത തുക | 01.04.2019-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2018-19 തിരിച്ചടച്ച തുക(മുതൽ) | വർഷാവസാനം തിരിച്ചടക്കാനുള്ളത് |
|---|---|---|---|---|---|---|
| KURDFC LOAN (ലൈഫ് ഭവന പദ്ധതി) | G.O(M.S) 68/18 LSGD Dt.18/05/18 | 551111002344 | 1270345 | - | - | 1270345 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10391879 |
| തൻവർഷം നിക്ഷേപിച്ച തുക | 872684 |
| ആകെ | 11264563 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,12,64,563 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | എഫ്.ഡി.നം | തീയതി | തുക |
|---|---|---|---|---|
| സ്ഥിര നിക്ഷേപം | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 030748 | 29.7.2013 | 430891 |
| | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 038542 | 29.10.14 | 1179824 |
| | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 042627 | 28.4.15 | 2278211 |
| | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 042628 | 28.4.15 | 2278211 |
| | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 042635 | 31.3.15 | 438451 |
| | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 035490 | 13.1.14 | 4658975 |
| ആകെ | | | | 1,12,64,563 |

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷം വരവില്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 87925574 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 79608274 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 290000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3518828 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 2700 | | ശ്രീ. വേണുഗോപാൽ സി.പി. സെക്രട്ടറി |
| 3-9 | | 250000 | ശ്രീ. തോമസ് കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | | 40000 | ശ്രീ. തോമസ് വി. കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 2700 | 290000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 349700 | ശ്രീ. വേണുഗോപാൽ സി.പി. സെക്രട്ടറി |
| 3-4 | 199888 | ഡോ. ഡാലി സഖറിയാസ്, മെഡിക്കൽ ഓഫീസർ, പിഎച്ച്സി |
| 3-7 | 340000 | ശ്രീ. തോമസ് വി. കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 210000 | ശ്രീ. തോമസ് വി. കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 27300 | ശ്രീ. തോമസ് വി. കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 49920 | ശ്രീ. തോമസ് വി. കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 149400 | ശ്രീ. തോമസ് വി. കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 100000 | ശ്രീ. തോമസ് വി. കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | 800000 | ഡോ.ദീപു, വെറ്റിനറി സർജൻ |
| 3-17 | 40536 | ഡോ. ആരതി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-18 | 200000 | ശ്രീമതി. ജ്യോതി, കൃഷി ഓഫീസർ |
| 3-19 | 200000 | ശ്രീ. തോമസ് വി.കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-21 | 852084 | ശ്രീ. വേണുഗോപാൽ. സി.പി. സെക്രട്ടറി |
| ആകെ | 3518828 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി.പി.വേണുഗോപാൽ, സെക്രട്ടറി | സെക്രട്ടറി, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | മുളക്കുഴശ്ശേരി, മാമ്മൂട് പി.ഒ. ചങ്ങനാശ്ശേരി |
| ശ്രീ. തോമസ് വി കുരുവിള | അസിസ്റ്റന്റ് സെക്രട്ടറി, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | വേലങ്ങാട്ട് ഹൗസ്, മാങ്ങാനം, പി.ഒ. കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.പി8/334/08/31.03.09 | 16 |
| 96-97ചെലവ് | എൽ.എഫ്.കെ.പി3/209/98/02.05.98/ 10.03.2000 | 14 |
| 2001-2002 ചെലവ് | എൽ.എഫ്.കെ.പി8/578/04/08.12.15 | 2 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി8/680/05/08.12.15 | 1 |
| 2006-07 | എൽ.എഫ്.കെ.പി.10/922(1) /17/05.4.18 | 2 |
| 2007-08 | കെ.എസ്.എ- കെ.ടി.എം.പി.10/922(2)/17/ 05.4.18 | 7 |
| 2008-09 | കെ.എസ്.എ- കെ.ടി.എം.പി.10/922(3)/17/ 05.4.18 | 7 |
| 2009-10 | കെ.എസ്.എ- കെ.ടി.എം.പി.10/922(4)/17/ 05.4.18 | 5 |
| 2010-11 | കെ.എസ്.എ- കെ.ടി.എം.പി.10(അദാ.2018)/ 182(3)/01.02.18 | 9 |
| 2011-12 | എൽ.എഫ്.കെ.പി.10(അദാ.2018)/ 182(6)/01.02.18 | 13 |
| 2012-13 | എൽ.എഫ്.കെ.പി.3/1578/14/21.04.15 | 7 |
| 2013-14 | കെ.എസ്.എ- കെ.ടി.എം.പി.3-816/15/ 02.02.16 | 9 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.3- 16/02.02.16 | 27 |
| 2015-16 | കെ.എസ്.എ- കെ.ടി.എം.പി3-1740/2016/ 05.05.2017 | 30 |
| 2016-17 | കെ.എസ്.എ- കെ.ടി.എം.പി.10/119/18/ 04.04.18 | 18 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.10/2193/18/ 19.12.18 | 19 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1
## ഓഡിറ്റ് സാക്ഷ്യപത്രം 2018-19

നം.കെ.എസ്.എ.-കെ.ടി.എം.പി10-1118/19 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

**ഇ-മെയിൽ:** doktm.ksad@kerala.gov.in
**ഫോൺ:** 04812564886
തീയതി :26.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**